**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.പ്രേംസുജിത്ത് എം.ആർ., ഹെഡ് അക്കൗണ്ടന്റ്, തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് ഫയൽ ചെയ്ത OA-1787/2017 നമ്പർ കേസിന്റെ 10.11.2017-ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.193/2018/തസ്വഭവ** **തിരുവനന്തപുരം,തീയതി, 20.01.2018.**

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 24.08.2017-ലെ 8813/എസ്റ്റാ.സി3/2017/സിആർഡി നമ്പർ നടപടിക്രമം.

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1787/2017-മേലുള്ള 10.11.2017-ലെ അന്തിമ ഉത്തരവ്.

3) ശ്രീ.പ്രേംസുജിത്ത് എം.ആർ., ഹെഡ് അക്കൗണ്ടന്റ്, തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് സമർപ്പിച്ച 20.11.2017-ലെ നിവേദനം.

4) ഗ്രാമവികസന കമ്മീഷണറുടെ 13.12.2017, 03.01.2018 തീയതികളിലെ 14024/എസ്റ്റാ.സി3/2017/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്കിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പ്രേംസുജിത്ത് എം.ആർ.-നെ തോടന്നൂർ ബ്ലോക്കിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്യുന്നതിന് പെരുങ്കടവിള ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയും, ശ്രീ.ജോസ് മാത്യു റ്റി.-യെ പെരുങ്കടവിള ബ്ലോക്കിലേക്ക് സ്ഥലംമാറ്റം നൽകിയും പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവായിരുന്നു. ഇതിന്മേൽ ശ്രീ.പ്രേംസുജിത്ത് എം.ആർ. പരാമർശം (2) പ്രകാരം ഫയൽ ചെയ്ത OA-യിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവ് നൽകിയിരുന്നു.

> Having regard to the facts of the case, "there will be a direction to the 1st respondent to consider Annexure A7 representation in the light of the facts shown in Annexure A8 order and pass appropriate orders thereon, within a period of two months from the date of receipt of copy of this order."

2017-ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായാണ് 2013 ഒക്ടോബർ മുതൽ പെരുങ്കടവിള ബ്ലോക്കിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ.പ്രേംസുജിത്തിനെ തിരുവനന്തപുരം ജില്ലയിൽ നിന്നും സ്ഥലംമാറ്റിയത്. പെരുങ്കടവിള ബ്ലോക്കിലേക്ക് ശ്രീ.ജോസ് മാത്യു റ്റി.-യ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി 2013 മുതൽ ടി ബ്ലോക്കിൽ തുടർച്ചയായി ജോലി ചെയ്തുവന്ന ശ്രീ.പ്രേംസുജിത്തിനെ മാറ്റുകയാണുണ്ടായത്. സ്ഥലംമാറ്റത്തിനായി പ്രസിദ്ധീകരിച്ച കരട് സാധ്യതാലിസ്റ്റ് പ്രകാരം പെരുങ്കടവിള ബ്ലോക്കിലേക്ക് ശ്രീ.ജോസ് മാത്യു റ്റി. അപേക്ഷിച്ചതായി സാധ്യതാ ലിസ്റ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണെന്നും കരട് ലിസ്റ്റിൽ ആക്ഷേപമുന്നയിക്കുന്നതിന് സമയം അനുവദിച്ചെങ്കിലും ശ്രീ.പ്രേംസുജിത്ത് ആക്ഷേപമോ മറ്റൊരു

സ്ഥലത്തേക്ക് സ്ഥലംമാറ്റത്തിനായുള്ള അപേക്ഷയോ സമർപ്പിച്ചിരുന്നില്ലെന്നും 1996-ൽ സർവ്വീസിൽ ചേർന്നതു മുതൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് ടിയാൻ ജോലി ചെയ്തിട്ടുള്ളതെന്നും ടിയാനേക്കാൾ സീനിയറായ വ്യക്തിക്ക് ജില്ലയിൽ ജോലി ചെയ്യാൻ അവസരം നൽകാനായിട്ടാണ് ടിയാനെ ജില്ലയ്ക്ക് പുറത്തേയ്ക്ക് മാറ്റേണ്ടിവന്നതെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനുബന്ധം A7-ൽ അപേക്ഷകൻ ആവശ്യപ്പെട്ട ബ്ലോക്കുകളിൽ നിലവിൽ ഒഴിവില്ല. കൂടാതെ, നെടുമങ്ങാട്, വർക്കല, അതിയന്നൂർ ബ്ലോക്കുകളിൽ ഉണ്ടാകുന്ന ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ റിട്ടയർമെന്റ് ഒഴിവുകളിലേയ്ക്ക് അപേക്ഷകനേക്കാൾ സീനിയറും ജില്ലയ്ക്ക് പുറത്ത് ജോലിയിൽ തുടരുന്നതുമായ ജീവനക്കാർക്ക് നിയമനം നൽകേണ്ടതായതിനാൽ അപേക്ഷകന്റെ ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.പ്രേംസുജിത്തിന്റെ അനുബന്ധം A7-ലെ ആവശ്യം നിരസിച്ചുകൊണ്ട് ഒ.എ.1787/2017-ന്മേലുള്ള 10.11.2017-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സന്തോഷ് കുമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.പ്രേംസുജിത്ത് എം.ആർ., ഹെഡ് അക്കൗണ്ടന്റ്, തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ